**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്-19 മഹാമാരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ്-19 മഹാമാരിയെ നേരിടുന്നതിൽ കേരളം വിജയിച്ചതിലെ ഒരു പ്രധാന ഘടകമായ പൊതു ആരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നത് പൂർത്തിയാക്കുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗി സൗഹൃദമാക്കിയതോടൊപ്പം ജില്ലാ തല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്. താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 152 ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ/താലൂക്ക്തല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ് പ്ലാൻ ഫണ്ട് എന്നിവ വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആശുപത്രികളിലേയ്ക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. കോവിഡിന്റെ കൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്ക് തല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ ഓക്സിജൻ കിടക്കകൾ, മറ്റ് ത്രിതീയതല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്. കേന്ദ്ര സർക്കാരിന്റെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായി അഞ്ചു വർഷത്തേയ്ക്ക് ആരോഗ്യ മേഖലയ്ക്ക് തദ്ദേശ ഭരണ |

| | | | |
|---|---|---|---|
| | | | വകുപ്പ് വഴി ലഭ്യമാക്കുന്ന ഫണ്ടുപയോഗിച്ച് ഗ്രാമീണ നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ രോഗീ സൗഹൃദവും ജനസൗഹാർദ്ദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ തുടരുന്നതാണ്. |
| (ബി) | പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ പാരാ മെഡിക്കൽ സംവിധാനങ്ങളും ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | (ബി) | സംസ്ഥാനത്തെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കോവിഡ് 19 മഹാമാരിയുടെ നിയന്ത്രണത്തിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം മുഖേന 18363 പേരെ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട് . കൂടാതെ 73252 പേർ കോവിഡ് ബ്രിഗേഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് 19 മഹാമാരി സംബന്ധിച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദനീയ തസ്തികകൾക്കു പുറമേ G.O.(Rt)No.76/2020/ ആകു.വ തീയതി 14.4.2020 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 968 താൽക്കാലിക ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ